SUPRABHATHAM - 01-09-2024

# ഒക്കൽ ഫാം ഫെസ്റ്റിൽ കർഷക സംഗമം സംഘടിപ്പിച്ചു

കൊച്ചി: ഒക്കൽ ഫാം ഫെസ്റ്റിൽ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റും സ്റ്റേറ്റ് സീഡ് ഫാമും ചേർന്ന് കർഷക സംഗമം സംഘടിപ്പിച്ചു. മത്സ്യ മേഖലയിൽ സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനുള്ള സിഫ്റ്റിന്റെ നിരന്തരമായ ശ്രമങ്ങളെ കുറിച്ചും സ്വച്ഛതാ ആക്ഷൻ പ്ലാനിന് കീഴിലുള്ള സിഫ്റ്റിലെ സംരംഭങ്ങളെ കുറിച്ചും സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും എസ്എപി നോഡൽ ഓഫീസറുമായ ഡോ.ഗീതാലക്ഷ്മി വി സംസാരിച്ചു. മത്സ്യമാർക്കറ്റിലെ മാലിന്യം കാർഷിക ഉൽപന്നങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള ഉൽപ്പാദന പ്രക്രിയയുടെ വിശദാംശങ്ങൾ സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. ബിൻസി പി.കെ, ഡോ. മുത്തുലക്ഷ്മി ടി എന്നിവർ അവതരിപ്പിച്ചു.